(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2167/2016

കേരള സംസ്ഥാന ഓഡിറ്റുവകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം

ഫോൺ 0471 2331231

ഇ-മെയിൽ lfadtvm@yahoo.in

തീയതി 26.12. 2016

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വെള്ളറട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളറട ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെയും 3-ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉ.പ.സഹിതം),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,

4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.2/2167/2016 തിയതി: 26.12.2016

തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 11-06-2016മുതൽ 14-11-2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജമാലുദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 15-11-2016 മുതൽ 23-11-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

(1)ശ്രീമതി.സിന്ധുലാബീവി.എം, ഓഡിറ്റ് ഓഫീസർ

(2) ശ്രീ.സഞ്ജയ്.പി.ഐ, അസി.ഓഡിറ്റ് ഓഫീസർ

(3) ശ്രീ.അനിൽകുമാർ.ആർ, സീ.ഗ്രേ.ഓഡിറ്റർ.

(4) ശ്രീ.ബിജുലാൽ മണി.എസ്.എൽ, സീ.ഗ്രേ.ഓഡിറ്റർ.

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

(1) ശ്രീ.സി.അശോക് കുമാർ, 01-04-2015മുതൽ 31-10-2015വരെ

(2) ശ്രീമതി.എം.ശോഭകുമാരി, 19-11-2015മുതൽ 31-03-2016വരെ

സെക്രട്ടറി

ശ്രീ.സുഗതൻ, 01-04-2015 മുതൽ 23-07-2015

ശ്രീ. തുളസീധരൻ നായർ, 24-07-2015

ശ്രീമതി.രാധാമണിതങ്കം, 24-07-2015 മുതൽ 31.03.2016

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.സൗമ്യ | 01-04-2015 മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | ഡോ.സതീഷ് കുമാർ | 1-04-2015 മുതൽ 31-03-2016വരെ |
| കൃഷി ഓഫീസർ | ശ്രീ.രമ്യ.ആർ.എസ്. | 1-04-2015 മുതൽ 31-03-2016വരെ |
| വി.ഇ.ഒ.(1) | | 1-04-2015 മുതൽ 31-03-2016വരെ |
| വി.ഇ.ഒ.(2) | | 1-04-2015 മുതൽ 31-03-2016വരെ |
| എച്ച് .എം. | ശ്രീമതി. ജൂസി ക്രിസ്റ്റബെൽ | 1-04-2015 മുതൽ 31-03-2016വരെ |
| മെഡി.ആഫീസർ, ആയുർവ്വേദം | ഡോ.കുമാരി ലൈല | 1-04-2015 മുതൽ 31-03-2016വരെ |
| വെറ്ററിനറി സർജൻ | ഡോ.സിമി.എസ്. ആൻസലം | 1-04-2015 മുതൽ 31-03-2016വരെ |
| അസി. സെക്രട്ടറി | ശ്രീ. ബേബിജോൺ | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. കുശലകുമാരി | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | രസീതുകൾ ക്യാൻസൽ ചെയ്തത് ചട്ട പ്രകാരമല്ല | 2-1 | |
| 13 | തൊഴിൽ നികുതി രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല | 2-2 | |
| 14 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-3 | |
| 15 | സ്ഥാപന നികുതി ഈടാക്കിയില്ല | 2-4 | |
| 16 | പരസ്യ നികുതി ഈടാക്കിയില്ല | 2-5 | |
| 17 | ഷോപ്പിംഗ് കോംപ്ലക്സ് വാടക -കുടിശിക 67650/- | 2-6 | |
| 18 | വാടക മുറികൾക്ക് വാടക നിശ്ചയിക്കാത്തത് | 2-7 | |
| 19 | മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികുതി ഈടാക്കിയിട്ടില്ല | 2-8 | |
| | ഭാഗം 3 | | |

| | | | |
|---|---|---|---|
| 20 | ഇരിഞ്ഞിനം പള്ളി തോട് സംരക്ഷണം - RR.masonry അളവിൽ കുറവ് 6133/- രൂപ നിരാകരിക്കുന്നു. | 3-1 | |
| 21 | ബ്രിക്ക് വർക്കിന് അധിക നിരക്ക് - 20076 രൂപ നിരാകരിക്കുന്നു. | 3-2 | |
| 22 | അംഗീകൃത പ്രൊജക്ടിൽ വ്യതിചലിച്ച് ചെലവ് നടത്തി | 3-3 | |
| 23 | മാർഗ്ഗരേഖാ ലംഘനം- ഭിന്നശേഷി ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3-4 | |
| 24 | ചെലവ് രേഖകൾ ഹാജരാക്കിയില്ല-<br>1522000/-തടസ്സപ്പെടുത്തുന്നു | 3-5 | |
| 25 | രേഖകൾ അപൂർണ്ണം- 299748/-രൂപ തടസ്സം | 3-6 | |
| 26 | ആശ്രയ-ചലഞ്ച് ഫണ്ട് അവലോകനം | 3-7 | |
| 27 | മാർഗ്ഗരേഖാ ലംഘനം- 1000000/-രൂപ തടസ്സം | 3-8 | |
| 28 | സേവാ ഗ്രാം -ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസം | 3-9 | |
| 29 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം | 3.10 | |
| 30 | ആറാട്ടുകുഴി - അപ്പിയാൻ നാടാർ മെമ്മോറിയൽ ഹാൾ | 3.11 | |
| 31 | സ്റ്റേഡിയത്തിന് സ്ഥലം വാങ്ങിയത്- 200039/-രൂപ നിരാകരകണം | 3.12 | |
| 32 | മാർഗ്ഗരേഖാ വിരുദ്ധം- 42660/-രൂപ നിരാകരിക്കുന്നു | 3-13 | |

| | | | |
|---|---|---|---|
| 33 | പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് തടസ്സപ്പെടുത്തുന്ന -3,50,000/-രൂപ | 3-14 | |
| 34 | കൈപ്പറ്റ് രശീത് ഇല്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു- 100383/-രൂപ | 3-15 | |
| | ഭാഗം 4 | | |
| 35 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 16-03-2015ലെ (01)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 30,58,83,300/-രൂപ വരവും 28,49,79,400/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 7,41,32,467/- രൂപയും ചെലവ് 9,22,42,846/- രൂപയുമാണ്.

ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് ചെലവുകൾ യഥാർഥ വരവു ചെലവുകളേക്കാൾ വളരെ കൂടുതലാണ്. ഭാവിയിൽ യാഥാർത്ഥ്യ ബോധത്തോടുകൂടി ബജറ്റ് തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 18.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 17-11-2016 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2167/16 തീയതി 26-12-2016 |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 45967368

വരവ് - 74132467

ആകെ - 120099835

ചെലവ് - 92242846

നീക്കിയിരിപ്പ് - 27856989

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3812006 | 17394172 | 4742032 | 25948210 | 25948210 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1030965 | 3212901 | 0 | 4243866 | 4243866 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 199625 | 270555 | 0 | 470180 | 470180 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1841262 | 12039829 | 0 | 13881091 | 13881091 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 790309 | 4409501 | 0 | 5199810 | 5199810 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6090785 | 9050128 | 0 | 15140913 | 15140913 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 7409723 | 1963256 | 0 | 9372979 | 9372979 | 0 |
| എ.എൻ.ആർ.ജി.എസ്. | 244660 | 856859 | 0 | 1101519 | 1091551 | 9968 |
| ബി.ഫണ്ട് | 0 | 62677065 | 0 | 62677065 | 62677065 | 0 |
| സാക്ഷരത | 30726 | 109840 | | 140566 | 94147 | 46419 |
| ജലനിധി | 473436 | 19127 | | 492563 | 0 | 492563 |
| ജനറൽ പർപ്പസ്. | 12117351 | 12539031 | | 24656382 | 11361438 | 13294944 |
| മറ്റ് വരവുകൾ (തനതുവരുമാനം) | 11926520 | 12267268 | | 24193788 | 10180693 | 14013095 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 230 | 90744298 | 203 | 73100424 | nil | 36 | 84.93% |

അംഗീകാരം ലഭിക്കുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 2411316/-രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| വിനോദ നികുതി | - | - | - | - |

| | | | | |
|---|---|---|---|---|
| തൊഴിൽ നികുതി | 1753570 | 1783935 | 30365 | |
| കെട്ടിട നികുതി | 3815185 | 1445466 | -2369719 | |
| പരസ്യ നികുതി | 0 | 0 | 0 | |
| നികുതിയേതര വരവുകൾ | | | | |
| ഷോപ്പിംഗ് കോംപ്ളക്സ് | 1405591 | 1102201 | -303390 | |
| ലേലം | 703520 | 1055613 | 352093 | |
| ഡി.ആന്റ്.ഓ. ലൈസൻസ് | 148805 | 140210 | -8595 | |
| മറ്റു വരവുകൾ | 1046475 | 934405 | 112070 | |
| ആകെ | 8873146 | 6461830 | -2411316 | |

ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി, നികുതിയേതര വരുമാനങ്ങൾ കൃത്യമായും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പരസ്യ നികുതി ഈടാക്കിയും വസ്തു നികുതി ഇനത്തിൽ അവശേഷിക്കുന്ന കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ കച്ചവട സ്ഥാപനങ്ങളെയും സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് നൽകിയും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1324560 | 283 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 14114310 | 261 |
| വിധവാപെൻഷൻ | 19710200 | 852 |
| വാർദ്ധക്യകാലപെൻഷൻ | 18529320 | 1401 |
| വികലാംഗപെൻഷൻ | 7203075 | 285 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1290000 | 21 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 494600 | 13 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) - വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-11-2016ന് രാവിലെ 11-00മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13909/-രൂപ ക്യാഷ് ബാലൻസിന്റെ
കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് തുടർ നിർമ്മാണ, മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ പരിശോധിച്ച് മുൻഗണനാക്രമം പാലിച്ച് നിർവ്വഹിക്കേണ്ടതുമാണ്.

ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ 1997 പൊതുമരാമത്ത് നടത്തിപ്പ് ചട്ടങ്ങളിലെ വകുപ്പ് (13)പ്രകാരവും സംസ്ഥാന ആസൂത്രണബോർഡ് 1999ഡിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ പ്രകാരവുമുള്ള വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യാഗസ്ഥർ നടപ്പിലാക്കുന്ന പദ്ധതികളുടെ ചെലവ് രേഖകൾ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.പഞ്ചായത്ത് ലഭ്യമാക്കുന്ന വാർഷിക ചെലവ് പത്രികയിലെ ചെലവും രജിസ്റ്ററുകൾ പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്ന രീതിയിലായിരിക്കണം ചെലവ് പത്രിക തയ്യാറാക്കേണ്ടത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5-11-2016 | 10-2016 | 22.10.2016 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.07.2007 | 1997-98 മുതൽ 2006-08വരെ | 01.10.2007 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതുകൾ ക്യാൻസൽ ചെയ്തത് ചട്ടപ്രകാരമല്ല.

ശ്രീ.അജി, എൽ.ഡി.സി ക്ക് 09.04.2015 ൽ ഇഷ്യൂ ചെയ്ത രസീത് ബുക്ക് നമ്പർ 6498 ലെ രസീത് നമ്പർ 61, 62, 67, 70, 71 എന്നീ രസീതുകൾ ജനനസർട്ടിഫിക്കറ്റ് എന്ന് എഴുതി കാൻസൽ ചെയ്തിട്ടുണ്ട്. എന്നാൽ രസീതുകൾ ക്യാൻസൽ ചെയ്യാനുള്ള കാരണം ,സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ എന്നിവ രസീതുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 9 ന് പ്രസ്തുത രസീതുകൾ ഡ്യൂപ്ലിക്കേറ്റ് ഇല്ലാതെ ക്യാൻസൽ ചെയ്തതിന്റെ കാരണം കാണിച്ചു കൊണ്ട് ശ്രീ. അജി, എൽ.ഡി.സിക്ക് കത്ത് നൽകിയതായും ടി രസീത് ബുക്കുമായി ബന്ധപ്പെട്ട പണാപഹരണകേസ് നിലവിലുള്ളതായും മറുപടി നൽകിയിട്ടുണ്ട്. ക്യാൻസൽ ചെയ്ത രസീതുകൾ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതും പണാപഹരണകേസിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിപാലിക്കുന്നില്ല.

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കി പരപാലിക്കുന്നില്ല. പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേര് മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് അവലംബിക്കുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങളടങ്ങിയ അസസ്മെന്റ് രജിസ്റ്റർ 1999 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടം 5 മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന നികുതിയും ഒടുക്ക് വരുത്തുന്നുവെന്ന് ഉറപ്പ് വരുത്താൻ സാധിക്കുകയുള്ളൂ.

## 2-3 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2015-16 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | രുക്മിണികോളേജ് ഓഫ് നേഴ്സിംഗ് | I & II |
| 2 | രുക്മിണി മെമ്മോറിയൽ ദേവി ഹോസ്പിറ്റൽ | I & II |
| 3 | ആദാം ഫൈനാൻസ് അഞ്ചുമരങ്കാല | I & II |
| 4 | ആദാം ഫൈനാൻസ്, വെള്ളറട | I & II |

| | | |
|---|---|---|
| 5 | സാം മോട്ടോർസ്,പൊന്നമ്പി | I & II |
| 6 | സെവന്ത്ഡേ അഡ് വെന്റിസ്റ്റ് ഇംഗ്ളീഷ് മീഡിയം സ്കൂൾ പൊന്നമ്പി. | II |
| 7 | ഇ.വി.യു.പി.സ്കൂൾ, കുതാളി | I & II |
| 8 | എസ്.യു.ഫണ്ട്, വെള്ളറട | I & II |
| 9 | പുറക്കാക്കൽ ഫൈനാൻസ് വെള്ളറട | I & II |
| 10 | പാലയ്ക്കൽ ഫൈനാൻസ് വെള്ളറട | I & II |
| 11 | പാലയ്ക്കൽ ഫൈനാൻസ് ആനപ്പാറ | I & II |
| 12 | കേശവ ഫൈനാൻസ് വെള്ളറട | I & II |
| 13 | അനന്തപുരി ഹൗസിംഗ് കോ. ഓപ്പറേറ്റീവ് സൊസൈറ്റി, വെള്ളറട | I & II |
| 14 | വൃന്ദാവൻ ഫൈനാൻസ്, വെള്ളറട | I & II |
| 15 | പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റി, ആറാട്ടുകുഴി | I & II |
| 16 | പനച്ചമൂട് സർവ്വീസ് സഹകരണ ബാങ്ക് ആറാട്ടുകുഴി | I & II |
| 17 | കരയ്ക്കാമൻകോട് സർവ്വീസ് സഹകരണബാങ്ക്, വെള്ളറട | I & II |

മേൽ സൂചിത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 2-4 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

1994–ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ അർദ്ധവർഷവും സ്ഥാപനനികുതി ഈടാക്കിന്നതിന് അധികാരമുണ്ട്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ, വെള്ളറട | I & II |
| 2 | മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ്, പനച്ചമൂട് | I & II |
| 3 | മാവേലിസ്റ്റോർ, വെള്ളറട | I & II |
| 4 | ആദാം ഫൈനാൻസ് അഞ്ചുമരങ്കാല | I & II |
| 5 | ആദാം ഫൈനാൻസ്, വെള്ളറട | I & II |
| 6 | സാം മോട്ടോർസ്,പൊന്നമ്പി | I & II |
| 7 | എസ്.യു ഫണ്ട്, വെള്ളറട | I & II |
| 8 | പുറക്കാക്കൽ ഫൈനാൻസ് വെള്ളറട | I & II |
| 9 | പാലയ്ക്കൽ ഫൈനാൻസ് വെള്ളറട | I & II |
| 10 | പാലയ്ക്കൽ ഫൈനാൻസ് ആനപ്പാറ | I & II |
| 11 | കേശവ ഫൈനാൻസ് വെള്ളറട | I & II |
| 12 | അനന്തപുരി ഹൗസിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റി ,വെള്ളറട | I & II |
| 13 | വൃന്ദാവൻ ഫൈനാൻസ്,വെള്ളറട | I & II |
| 14 | പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റി, ആറാട്ടുകുഴി | I & II |
| 15 | പനച്ചമൂട് സർവ്വീസ് സഹകരണ ബാങ്ക് ആറാട്ടുകുഴി | I & II |
| 16 | കരയ്ക്കാമൻകോട് സർവ്വീസ് സഹകരണബാങ്ക്, വെള്ളറട | I & II |
| 17 | ഇന്ത്യൻ ഓയിൽ പെട്രോൾ പമ്പ്, ചൂണ്ടിക്കൽ | I & II |

| | | |
|---|---|---|
| 18 | ഇന്ത്യൻ ഓയിൽ പെട്രോൾ പമ്പ്, പൊന്നമ്പി | I & II |
| 19 | ഭാരത് പെട്രോളിയം പമ്പ്, ആനപ്പാറ | I & II |
| 20 | ജെ.എം.ഹാൾ, വെള്ളറട | I & II |
| 21 | സാഫല്യം കല്യാണ മണ്ഡപം, കുടയാൽ | I & II |
| 22 | ആൻസി ഓഡിറ്റോറിയം, അഞ്ചുമരങ്കാല | I & II |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 2-5 പരസ്യ നികുതി

1994 –ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും പരസ്യനികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 10/2016 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ കമ്മിറ്റിയിൽ പരസ്യ ബൈല പാസ്സാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനമായ പരസ്യ നികുതി അവകാശം ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 ഷോപ്പിംഗ് കോംപ്ളെക്സ് വാടക- കുടിശ്ശിക67650 രൂപ

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ 2015-16 സാമ്പത്തിക വർഷത്തെ വാടകയിനത്തിൽ 67,650/- രൂപ പിരിച്ചെടുക്കുന്നതിന് അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാടകക്കാരന്റെ പേര് | മുറി നമ്പർ | വാടക നിരക്ക് | കുടിശ്ശിക |
|---|---|---|---|---|
| 1 | ശ്രീ.ഗോപി | 17 | 550 | 1650 |
| 2 | ശ്രീ.അബ്ദുൾഖാദർ | 20 | 362 | 1448 |
| 3 | ശ്രീ.സെയ്ത് | 25 | 339 | 1695 |
| 4 | ശ്രീ.ഹമീദ് | 9(upstair) | 699 | 8388 |
| 5 | ശ്രീമതി.അംബിക | 8(വിപണനകേന്ദ്രം) | 324 | 3564 |
| 6 | ശ്രീമതി.അംബിക | 9(വിപണനകേന്ദ്രം) | 324 | 1944 |

| | | | | |
|---|---|---|---|---|
| 7 | ശ്രീ.സിദ്ദിഖ് | 1(ഫിഷ് സ്റ്റാൾ) | 503 | 3521 |
| 8 | ശ്രീ.സിദ്ദിഖ് | 4(ഫിഷ് സ്റ്റാൾ) | 507 | 6084 |
| 9 | ശ്രീ.ഷാഹിർഖാൻ | 9(കാർഷികവിപണനകേന്ദ്രം) | 3939 | 7878 |
| 10 | ശ്രീ.ഷാഹിർമാസ്റ്റർ | 10(കാർഷികവിപണനകേന്ദ്രം) | 1386 | 9702 |
| 11 | ശ്രീ.ഷാഹിർമാസ്റ്റർ | 13(കാർഷികവിപണനകേന്ദ്രം) | 982 | 4910 |
| 12 | ശ്രീ.അജാസ്. | സ്റ്റയർ അടിഭാഗം | 1049 | 12588 |
| 13 | ശ്രീ.ക്രിസ്തുമസ് | 1(പൊതു മാർക്കറ്റ് ഉൾ ഭാഗം) | 525 | 1050 |
| 14 | ശ്രീ.ഹംസ | 3(പൊതു മാർക്കറ്റ് ഉൾ ഭാഗം) | 1614 | 3228 |
| | ആകെ | | | 67650 |

വാടകയിനത്തിൽ കുടിശ്ശികയായ 67,650/- രൂപ പിഴപലിശ സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും വാടക നിശ്ചയിച്ച് ഈടാക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പനച്ചമൂട് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന പോസ്റ്റ് ഓഫീസ്, വെൽഫെയർ ഓഫീസ്, എന്നിവയുടെ വാടക നിശ്ചയിച്ച് ഈടാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ ഓഡിറ്റ് അന്വേഷണകുറിപ്പിന് മുറികൾ വാടക നിശ്ചയിച്ച് നൽകുന്നതാണെന്ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസുകളുടെ വാടക നിശ്ചയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-8 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഒടുക്കു വരുത്തുന്നില്ല.

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ കമ്പനികളുടെ 11മൊബൈൽ ടവറുകൾ വസ്തുനികുതി ഒടുക്കു വരുത്തുന്നില്ല. 2015-16 സാമ്പത്തിക വർഷം വസ്തു നികുതിയിനത്തിൽ 50,880/- രൂപ കുടിശ്ശികയായി അവശേഷിക്കുന്നു. പ്രസ്തുത ടവറുകളുടെ നികുതി കുടിശ്ശിക അടവാക്കുന്നതിന് 10.03.16ന് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും അടവാക്കിയിട്ടില്ല. കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ടവറുകൾ | വിസ്തീർണ്ണം | കുടിശ്ശിക |
|---|---|---|---|
| 1 | ഐഡിയ | 11.5 $m^2$ | 4600 |
| 2 | ഇൻഡസ് | 11.86 $m^2$ | 4744 |

| | | | |
|---|---|---|---|
| 3 | ഇൻഡസ് | 11 $m^2$ | 4400 |
| 4 | ഇൻഡസ് | 10 $m^2$ | 4000 |
| 5 | ഇൻഡസ് | 12 $m^2$ | 4800 |
| 6 | ഇൻഡസ് | 12 $m^2$ | 4800 |
| 7 | വോഡാഫോൺ | 12 $m^2$ | 4800 |
| 8 | ബി.എസ്.എൻ.എൽ | 11.84 $m^2$ | 4736 |
| 9 | ബി.എസ്.എൻ.എൽ | 12 $m^2$ | 4800 |
| 10 | ബി.എസ്.എൻ.എൽ | 11.5 $m^2$ | 4600 |
| 11 | വോഡാഫോൺ | 11.5 $m^2$ | 4600 |
| | ആകെ | | 50880 |

കുടിശ്ശിക തുക കാലഹരണപ്പെടാതെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇരിഞ്ഞിനം പള്ളി തോട് സംരക്ഷണം - R R.masonry അളവിൽ കുറവ് 6133/- രൂപ നിരാകരിക്കുന്നു.

പദ്ധതി - ഇരിഞ്ഞിനം പള്ളി തോട് സംരക്ഷണം

പദ്ധതി നമ്പർ - SO.156/16

അടങ്കൽ - 200000 (വികസനഫണ്ട്(G)-150000, ധനകാര്യകമ്മീഷൻ അവാർഡ് - 50000)

ചെലവ് - 2,00,000/-(ബിൽനമ്പർ-60/30.10.15)

എം ബുക്ക് നമ്പർ - 139/15-16

കൺവീനർ - ശ്രീ.ദിവാകരൻ നായർ.

മേൽ പറഞ്ഞ പദ്ധതിയുടെ സ്ഥലപരിശോധനയിൽ, എം.ബുക്കിൽ പറഞ്ഞിട്ടുള്ള അളവിനേക്കാൾ കുറവുള്ളതായി കണ്ടെത്തി. വിശദ വിവരം ചുവടെ

എം. ബുക്ക് പേജ് നമ്പർ 10,15 , ഇനം 5

RRmasonry with hard stone

including levelling up with

cc 1:6:12 up to plinth

level in 1:6 - 46.3 x .525 x .50 = 12.15 m3 ( limitted to 10.71)

നൽകിയ തുക

10.71 m3 @ 4867.20 - 10.71 x 4867.20 = 52127.71

നൽകാവുന്ന തുക

സ്ഥല പരിശോധനയിൽ കണ്ട

RR masonryയുടെ അളവ് - 36 x .525 x .50 = 9.45 m3

9.45 m3 @ 4867.20 - 9.45 x 4867.20 = 45995.04

അധികം നൽകിയത് - 6132.67

ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ തുകയായ 6133/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. നഷ്ടത്തുക ബന്ധപ്പെട്ട കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കും.

## 3-2 ബ്രിക്ക് വർക്കിന് അധിക നിരക്ക് - 20076 രൂപ നിരാകരിക്കുന്നു.

ഡി.എസ്.ആർ അനുസരിച്ച് 2015-16 സാമ്പത്തികവർഷം നടപ്പാക്കിയ പദ്ധതികളിൽ അധികനിരക്ക് നൽകിയതിലൂടെ പഞ്ചായത്തിന് 20076/-രൂപ നഷ്ടം സംഭവിച്ചു. ഡി.എസ്.ആർ ഷെഡ്യൂൾ ഇനം 6.4.2 ൽ, രണ്ടാം നില മുതൽ അഞ്ചാം നില വരെയുള്ള ബ്രിക് വർക്കിനുള്ള റേറ്റാണ് നൽകിയിട്ടുള്ളത്. ചുവടെ ചേർക്കുന്ന പദ്ധതികളിൽ ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണത്തിന് ഇതേ റേറ്റ് അനുവദിച്ചതായി കാണുന്നു . പഞ്ചായത്ത് അനുവദിച്ച തുക (ഒരു ഘനമീറ്ററിന്)

| ക്രമ നമ്പർ | തൊഴിൽ നിർമ്മാണ വസ്തുക്കൾ | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | ഇഷ്ടിക | 494 | 4200/1000 | 2074.00 |
| 2 | ഇഷ്ടിക കടത്തു കൂലി | 494 | 283.96/1000 | 140.28 |
| 3 | C.M 1:4 | 0.25 | 3340.75 | 835.19 |
| 4 | Sundries | 2.73 | 1.78 | 4.86 |
| 5 | മേസൺ (I class) | 0.47 | 435 | 204.45 |
| 6 | മേസൺ (II class) | 0.47 | 399 | 187.53 |
| 7 | കൂലി | 1.8 | 329 | 592.20 |
| 8 | ബിസ്തി | 0.2 | 363 | 72.60 |
| 9 | താങ്ങ് നൽകൽ | 22.36 | 1.78 | 39.80 |
| 10 | എക്സ്ട്രാ ലേബർ | 1.13 | 329 | 371.77 |
| | | | ആകെ | 4523.47 |
| | | | വാട്ടർചാർജ് | 45.23 |
| | | | ആകെ | 4568.71 |
| | ADD CP,OH 15% | | | 685.31 |

| | |
|---|---|
| Total | 5254.01 |
| Rate with CP ( cost index) | 7505.73 |
| Rate without CP | 6526.72 |

മേൽ പട്ടികയിലെ ഇനം 10 ൽ പറയുന്ന എക്സ്ട്രാ ലേബർ ഫസ്റ്റ് ഫ്ലോർ ഗ്രൗണ്ട് ഫ്ലോർ, കോമ്പൗണ്ട് വാൾ എന്നിവയ്ക്ക് അനുവദിച്ചതിലൂടെ പഞ്ചായത്തിന് നഷ്ടം സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. അനുവദിയ്ക്കാവുന്ന നിരക്ക് ചുവടെ

ഇനം 1മുതൽ 9വരെ - 4151.70

വാട്ടർചാർജ് - 41.51

ആകെ - 4193.21

അനുവദനീയമായനിരക്ക് ( without CP)- 5990.29(4193.21 x 1.42857)

അധികനിരക്ക് ( without CP)- 6526.72 – 5990.29 = 536.43/ക്യൂബിക് മീറ്റർ

അനുവദനീയമായനിരക്ക് ( with CP)- 6888.84(4822.19 x 1.42857)

അധികനിരക്ക് ( with CP)- 7505.73 – 6888.84 = 616.89 /ക്യൂബിക് മീറ്റർ

a. കുതാളി എൽ.പി.എസ്. മെയിന്റനൻസ് (Tender)

പദ്ധതി നമ്പർ - SOO203/16

അടങ്കൽ - 1000000

ചെലവ് തുക – 977455,

(ബിൽ നമ്പർ - 108/2016, തീ. 26/02/2016)

കൺവീനർ - ശശിധരൻനായർ

എം ബുക്ക് നമ്പർ - 361/14-15

എംബുക്ക് പേജ്നമ്പർ - 2,18,29,65

ഇനം 2

Brick work

(ഡി.എസ്.ആർ

ഷെഡ്യൂൾ ഇനം 6.4.2) - m3 26.24m3 x 7505.73 = 196950.35

അധികം നൽകിയത് - 26.24 x 616.89 = 16187.19

b. ചിറത്തലയ്ക്കൽ അംഗൻവാടി മെയിന്റനൻസ്

പദ്ധതി നമ്പർ - SO 149/16

അടങ്കൽ - 200000

ചെലവ് തുക -100000

(ബിൽ നമ്പർ - 114, തീ. 26/03/2016)

കൺവീനർ - ശ്രീ.ജോൺ.ജി

എം ബുക്ക് നമ്പർ - 448/15-16

എംബുക്ക് പേജ്നമ്പർ 13,18,23

Brick work

(ഡി.എസ്.ആർ ഷെഡ്യൂൾ ഇനം 6.4.2) – 7.25 m3 x 6526.72 = 47318.72

അധികം നൽകിയത് - 7.25 $m^3$ x 536.43 = 3889.12

a, b എന്നിവയിലായി ആകെ 20076/-രൂപ അധികം നൽകിയിട്ടുണ്ട്. നഷ്ടത്തുക അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 അംഗീകൃത പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് ചെലവ് നടത്തി- നടപടി കൈകൊള്ളേണ്ടതാണ്.

പ്രോജക്ട് നമ്പർ - 223/2016

പ്രോജക്ടിന്റെ പേര് - ഭവനപുനരുദ്ധാരണം (വനിത)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

തുക - 705000/-രൂപ

ബിൽ നമ്പർ - 7/2016

പഞ്ചായത്ത് പരിധിയിൽ വരുന്ന 47 ഗുണഭോക്താക്കൾക്ക് 25,000/-രൂപ വീതം ആകെ 11,75,000/-രൂപ നൽകുക എന്ന രീതിയിൽ നടപ്പിലാക്കുന്നതിനായി ആണ് പദ്ധയിക്ക് അംഗീകാരം നേടിയത്. എന്നാൽ 2014-15 സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ പ്രോജക്ടായ പദ്ധതി ഭവനപുനരുദ്ദാരണത്തിന് ബിൽ നമ്പർ 16/16, തീയതി 25.8.2015 പ്രകാരം പ്രോജക്ട് നമ്പർ 223/2016ലെ ആകെ തുകയായ 1175000/-രൂപയിൽ നിന്ന 300000/-രൂപ പിൻവലിച്ച് സ്പിൽ ഓവർ പ്രോജക്ടിൽ ഉൾപ്പെട്ട 20 ഗുണഭോക്താക്കൾക്ക് 15,000/-രൂപ വീതം നൽകിയതിന്റെ കാരണം വ്യക്തമല്ല. പ്രോജക്ട് നമ്പർ 222/16-ലെ ഗുണഭോക്താക്കൾക്ക് ബാക്കി നൽകേണ്ടതായ 10000/-രൂപ വീതം നൽകി പണി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ കൈകൊള്ളേണ്ടതും തുടർ വർഷങ്ങളിൽ ഇത്തരത്തിൽ പാളിച്ചകൾ ഉണ്ടാകാതെ പ്രോജക്ടുകൾ നടപ്പിലാക്കാൻ നടപടി കൈകൊള്ളേണ്ടതുമാണ്.

## 3-4 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്- മാർഗ്ഗരേഖ ലംഘനം നടപടി കൈകൊള്ളേണ്ടതാണ്.

പ്രോജക്ട് നമ്പർ - 80/2016

പ്രോജക്ടിന്റെ പേര് - ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ബിൽ നമ്പർ - 14/2016

തീയതി - 21/3/2016

തുക - 49995/-രൂപ(വികസന ഫണ്ട്)

പദ്ധതി മാർഗ്ഗരേഖ അനുബന്ധം 16, 5(8)പ്രകാരം പ്രതിമാസം 1000/-രൂപ സ്കോളർഷിപ്പ് നൽകാമെന്ന രീതി പിൻതുടരുന്നില്ല. മേൽ പ്രോജക്ട് പ്രകാരം 29 കുട്ടികൾക്ക് പ്രതിവർഷം 1725/-രൂപ നിരക്കിൽ ഒരു

തവണ നൽകിയത് പ്രോജക്ടിൽ ആകെ 49995/-രൂപ വകയിരുത്തിയത് കൊണ്ടാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്നേഹഭവൻ എന്ന സ്പെഷ്യൽ സ്കൂളിൽ മാത്രം ആകെ 52 കുട്ടികൾ (20 വയസ്സിനു താഴെയുള്ളവർ) ഉണ്ടെന്നിരിക്കെ ഇത്തരം പദ്ധതികൾ ഉപയോഗപ്പെടുത്താതിരിക്കുന്നത് മാർഗ്ഗരേഖയുടെ ലംഘനമായി വിലയിരുത്തുന്നു. വരുംവർഷങ്ങളിൽ പ്രോജക്ടിൽ കൂടുതൽ തുക വകയിരുത്തി ഗുണഭോക്താക്കൾക്ക് അർഹമായ സഹായം നൽകണമെന്ന് നിർദ്ദേശിക്കുന്നു.

## 3-5 ചെലവ് രേഖകൾ ഹാജരാക്കിയില്ല- 1522000/-രൂപ തടസ്സപ്പെടുത്തുന്നു

2015-16 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നടപ്പിലാക്കിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നമ്പർ/പേര് | ബിൽ നമ്പർ/തീയതി | തുക |
|---|---|---|---|
| 1 | 209/2016 കുടിവെള്ള കിണർ നിർമ്മാണം (ജനൽ) | 1/2016<br>26/05/2016 | 2,80,000/- |
| 2 | 211/2016 ഭവന പുനരുദ്ധാരണം (വനിത) | 4/2016<br>26/05/2016 | 45,000/- |
| 3 | 214/2016 വി,ഇ.ഒ ഓഫീസ് ഫർണീച്ചർ വാങ്ങൽ | 10/2016<br>16/06/2016 | 25,000/- |
| 4 | 217/2016ഭവന പുനരുദ്ധാരണം(റ്റി.എസ്.പി) | 8/2016<br>16/06/2016 | 1,10,000/- |
| 5 | 14/2016 കിണർ മെയിന്റനൻസ്(ജനറൽ) | 14/2016<br>24/08/2016 | 1,55,000/- |
| 6 | 221/2016 ശുചിത്വ കിണറുകളാക്കൽ(റ്റി.എസ്.പി) | 11/2016<br>16/06/2016 | 67,000/- |
| 7 | 207/2016 ആശ്രയഭക്ഷ്യധാന്യം വസ്ത്രം | 7/2016<br>28/05/2016 | 5,40,000/- |
| 8 | 208/2016 ആശ്രയ അഡീഷണൽ | 8/2016<br>28/05/2016 | 3,00,000/- |

| | | | |
|---|---|---|---|
| | ആകെ | | 15,22,000/- |

ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-6 രേഖകൾ അപൂർണ്ണം- 299748/-രൂപ തടസ്സപ്പെടുത്തുന്നു.

1) പ്രോജക്ട് നമ്പർ - 79/16

പ്രോജക്ടിന്റെ പേര് - ഭിന്നശേഷിയുള്ള കുട്ടികൾക്ക് പോഷകാഹാരം, യൂണിഫോം, ഫർണീച്ചർ

ആകെ തുക - 99748/-(വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ബിൽ നമ്പർ 5/16, തീയതി 21.3.2016

തുക 24879/-

ബിൽ നമ്പർ 12/16,

തീയതി 21.3.2016

തുക 74869/-

2) പ്രോജക്ട് നമ്പർ -28/2016(അംഗൻവാടികൾ കളികോപ്പ് വാങ്ങൽ)

ബിൽ നമ്പർ 7/2016

തീയതി 20/2/2016

തുക 2,00,000/-

പ്രോജക്ട് നമ്പർ 79/16 പ്രകാരം പഞ്ചായത്ത് പരിധിയിൽ വരുന്ന സ്പെഷ്യൽ സ്കൂളിൽ 99748/-രൂപയ്ക്ക് ഫർണിച്ചർ യൂണിഫോം എന്നിവയും പ്രോജക്ട് 28/16 പ്രകാരം പഞ്ചായത്ത് പരിധിയിൽ വരുന്ന 23 അംഗൻവാടികൾക്ക് കളികോപ്പുകൾ എന്നിവയും വാങ്ങി നൽകിയെങ്കിലും കൈപ്പറ്റ് രേഖകളില്ല. ഇവ സ്റ്റോക്ക് രജിസ്റ്ററിൽ എടുക്കുകയുണ്ടായില്ല. ആയതിനാൽ ബന്ധപ്പെട്ടവയുടെ കൈപ്പറ്റുരേഖകളും, സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-7 ആശ്രയ ചലഞ്ച് ഫണ്ട്

ഗ്രാമപഞ്ചായത്ത് നാളിതുവരെ ചെലവഴിച്ചതും ലഭിച്ചതുമായ ആശ്രയ-ചലഞ്ച് ഫണ്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ കൊടുക്കുന്നു.

ചലഞ്ച് ഫണ്ട് ഇനത്തിൽ നാളിതുവരെ പഞ്ചായത്തിനു ലഭ്യമായത് 2004-05 സാമ്പത്തിക വർഷത്തിൽ 1000000/-രൂപയും 2010-11 സാമ്പത്തിക വർഷത്തിൽ 749220/-രൂപയുമാണ്. 2015-16 സാമ്പത്തിക ചലഞ്ച് ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്ലാൻ ഫണ്ടിൽ നിന്നും 840000/-രൂപ വകയിരുത്തുകയും, ഭക്ഷണം, ചികിത്സ, വസ്ത്രം, വീട് എന്നിവയ്ക്കായി 650729/-രൂപ ചെലവഴിക്കുകയും ചെയ്തു. ആശ്രയ രണ്ടാംഘട്ടം പ്രകാരം 8.3.2016ൽ ചലഞ്ച് ഫണ്ടിനത്തിൽ 5,00,000/-രൂപ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ രണ്ടാംഘട്ടം ഗുണഭോക്താക്കൾക്കൊപ്പം ഒന്നാം ഘട്ടം ഗുണഭോക്താക്കൾക്കും ഭക്ഷ്യധാന്യം നൽകിവരുന്നു. നിലവിൽ രണ്ടു അക്കൗണ്ടുകൾ ആണ് ആശ്രയ ഒന്നാം ഘട്ടത്തിനും രണ്ടാം ഘട്ടത്തിനുമായി നിലനിർത്തിയിരിക്കുന്നത്.

# 3-8 മാർഗ്ഗരേഖാ ലംഘനം 100000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ :78/16(ഹോമിയോ മരുന്നുവാങ്ങൽ, ആയുർവേദ ഡോക്ടർ)

ബിൽ നം :07/2015-16

തീയതി :8/01/2016

തുക :100000

പദ്ധതി മാർഗ്ഗരേഖ അനുബന്ധം 16 ഖണ്ഡിക 7(4) പ്രകാരം ബന്ധപ്പെട്ട വകുപ്പുകൾ മുഖേന വിതരണം ചെയ്തു വരുന്ന മരുന്നുകൾ പര്യാപ്തമായ രീതിയിൽ ലഭിക്കുന്നില്ലെങ്കിൽ പ്രോജക്ട് തയ്യാറാക്കുന്നതിനു മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ചിരിക്കണമെന്ന രീതി പിൻതുടരുന്നില്ല. ബിൽ നം. 7/2015-16, തീയതി.8/01/2016 പ്രകാരം ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിയിൽ നിന്നും (ഡി.ഡി നം.736881, തീയതി 19/2/2016) പ്രകാരം 100000 രൂപ അടയ്ക്കുകയുണ്ടായെങ്കിലും കരാർ പ്രകാരം തുക ഈടാക്കി രണ്ടു മാസത്തിനകം മരുന്നുകൾ കൈമാറ്റം ചെയ്തു നല്കാമെന്ന ഉറപ്പ് പാലിക്കുകയുണ്ടായില്ല. മരുന്ന ലഭ്യമാക്കി സ്റ്റോക്കിലെടുത്തു അറിയിക്കുന്നതു വരെ 100000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 സേവാഗ്രാം ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കാൻ കാലതാമസം

പൊതുജനങ്ങളുടെ സൗകര്യാർത്ഥം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണെന്ന് 16-11-2013 ലെ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ (സ.ഉ(എം.എസ്)362/2013/LSGD) യിൽ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും നാളിതു വരെയായി പഞ്ചായത്തിൽ ഇതു നടപ്പിലാക്കിയിട്ടില്ല.എന്നാൽ ചില വാർഡുകളിൽ കെട്ടിടങ്ങൾ നിർമ്മിക്കുകയും, വാടകയ്ക്കു എടുക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിന്റെ കാലതാമസത്തിനുള്ള കാരണം അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.15 ന് ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത്, വാടകയ്ക്ക് എടുത്ത മുറികളുടെ വാടക നിർണ്ണയിക്കുന്നതിലെ കാലതാമസമാണ് കാരണം എന്നാണ്. ഗ്രാമകേന്ദ്രത്തിനായി, പഞ്ചായത്തിലെ ലൈബ്രറി കെട്ടിടത്തിനു മുകളിൽ പണിതീർത്ത മുറി, ഇലക്ട്രിഫിക്കേഷൻ ചെയ്യാത്ത നിലയിൽ ഉപയോഗമില്ലാതെ പൂട്ടികിടക്കുന്നതായി കണ്ടു.

വാർഡുതലത്തിൽ ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കേണ്ടതും, ഇതിലൂടെയുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-10 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം

തൊഴിലുറപ്പ് പദ്ധതിയിൽ 2015-16 സാമ്പത്തിക വർഷത്തിൽ 7814 തൊഴിൽ കാർഡുകൾ നിലവിലുണ്ട്.86364551/- രൂപ ചെലവിട്ട് 464 പദ്ധതികൾ ഈ വർഷം പൂർത്തിയാക്കുകയുണ്ടായി.100 ദിവസം തൊഴിൽ ലഭ്യമാക്കിയത് 1109 കുടുംബങ്ങൾക്കാണ്.2015-16 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് നടത്തി വാർഡുതല ഗ്രാമസഭകളിൽ അവതരിപ്പിച്ചിട്ടുണ്ട്.ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിനും വാർഡുതല ഗ്രാമസഭ കാര്യക്ഷമമായി സംഘടിപ്പിക്കുന്നതിനും മേറ്റുമാർക്കുള്ള ട്രെയിനിംഗുകളും അയൽക്കൂട്ട ഗ്രാമസഭകളും സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ പ്രവർത്തികളുടെയും ആരംഭത്തിൽ നടത്തുന്ന പ്രോജക്ട് മീറ്റിംഗുകളിൽ,ഓവർസീയർമാർ പങ്കെടുത്തു വരുന്നു.

ചെറുകിട നാമമാത്രകർഷകരുടെ കൃഷിഭൂമി വികസനം എന്ന രീതിയിൽ 428 പ്രവൃത്തികൾ നടപ്പാക്കിയതിൽ 285 എണ്ണം BPL/SC/ST വിഭാഗത്തിൽപ്പെട്ട കർഷകരുടേതായിരുന്നു.മെറ്റീരിയൽ വർക്കായി നടപ്പാക്കിയതിൽ 428/-പ്രവൃത്തികൾ നടപ്പാക്കിയതിൽ 285 എണ്ണം BPL/SC/ST/വിഭാഗത്തിൽപ്പെട്ട കർഷകരുടേതായിരുന്നു. മെറ്റീരിയൽ വർക്കായി നടപ്പാക്കിയ പുലകിൽക്കോണം കുളം പുനരുദ്ധാരണം എന്ന പദ്ധതിയിൽ 485412/-രൂപ ചെലവഴിച്ചിട്ടുണ്ട്.

## 3-11 ആറാട്ടുകുഴി അപ്പീയാൻ നാടാർ മെമ്മോറിയൽ ഹാൾ

1992ൽ ശ്രീ.ശാമുവേൽ നാടാർ 50സെന്റ് സ്ഥലം പഞ്ചായത്തിന് പൊതുമാർക്കറ്റ് നടത്തുന്നതിനായി സൗജന്യമായി കൈമാറി ഈ സ്ഥലം പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ.അപ്പിയാൻ നാടാരുടെ പേരിലെ മെമ്മോറിയൽ ഹാളായി ഒരു ഹാളും ചെറിയ രണ്ടു മുറികളും മൂന്ന് മുറിയുള്ള ഗോഡൗണുമായി പിന്നീട് മാറി. പഞ്ചായത്തിന്റെ വികസന പ്രവർത്ത നങ്ങൾക്കായി വർഷംതോറും ജില്ലാ പഞ്ചായത്തും ബ്ലോക്കു പഞ്ചായത്തും കോടികൾ മുടക്കി വ്യവസായ യൂണിറ്റുകൾ തുടങ്ങിയെങ്കിലും ഒന്നും ഫലപ്രാപ്തിയെത്തിയിട്ടില്ല. സ്ഥല പരിശോധനയിൽ 2 ഗോദ്റെജ് അലമാര, 2 തടി അലമാര, 2 സ്റ്റീൽ ഗോദ്റെജ് അലമാര, 2 സ്റ്റീൽ ചെയർ, 4 പ്ലാസ്റ്റിക് ചെയർ, 4 തടിയിലുള്ള ബഞ്ച് കൂടാതെ വളരെ വിലപിടിപ്പുള്ള മിൽ പ്രവർപ്പിക്കുന്നതിനുള്ള പല വലിപ്പത്തിലുള്ള യൂണിറ്റുകൾ എന്നിവ കണ്ടു. മില്ലിന്റെ സാധനങ്ങൾ വെയിലും മഴയുമേറ്റ് തുരുമ്പായ സ്ഥലത്താണ് കിടക്കുന്നത്. എത്ര തുകയാണ് ഈ ഹാളിനുവേണ്ടി ചെലവിട്ടതെന്നുള്ളതിന്റെ വ്യക്തമായ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. ഈ ഹാൾ 2016-17 കാലയളവിൽ UIT centre താല്കാലികമായി പ്രവർത്തിക്കുന്നതിന് യൂണിവേഴ്സിറ്റിക്ക് അനുമതി നല്കി കാണുന്നു. കെട്ടിക്കിടക്കുന്ന മെഷീനുകൾ ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ ഭരണസമിതി കൈകൊള്ളേണ്ടതാണ്. ഈ ഹാളിനുവേണ്ടി മുടക്കിയ ആകെ തുക എത്രയെന്നും കാണാതായ സാധനസാമഗ്രികളുടെ മൂല്യം എത്രയെന്നും നിജപ്പെടുത്താൻ ഭരണതല നടപടിക്ക് ശിപാർശ ചെയ്യുന്നു.

## 3-12 <u>സ്റ്റേഡിയത്തിന് സ്ഥലം വാങ്ങിയത് - തുക നിരാകരിക്കുന്നു 200039/-</u>

പന്നിമല വാർഡിൽ ബ്ലോക്ക് നമ്പർ 35ൽ 40.47ച. മീറ്റർ സ്ഥലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 49,98,045/-രൂപയ്ക്ക് പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തി 3.10.2015ന് വാങ്ങിയിട്ടുണ്ട്. ആയതിന്റെ ആധാരചെലവ് തനതുഫണ്ടിൽ നിന്നുമാണ് വഹിച്ചത്. വിശദാംശം ചുവടെ.

| | |
|---|---|
| ആധാരം രജിസ്ട്രേഷൻ ഫീസ് | 100022(രസീത് ഉണ്ട്) |
| സ്റ്റാമ്പ് ഫീസ് | 300000(രസീത് ഇല്ല ) |
| ആധാരം തയ്യാറാക്കുന്ന ഫീ | 7660 (രസീത് ഉണ്ട്) |
| ഇൻകംബൻസ് ഫീ | 110((രസീത് ഉണ്ട്) |
| | 407792/- |

ഇതിൽ സ്റ്റാമ്പ് 2% നിരക്കിൽ 99961/-രൂപയാണ് നൽകേണ്ടത്. അധികം നല്കിയ 200039/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-13 <u>മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധം - 42660/-(2760+39900)</u>

(1) അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ ( S0071/2016)ബി.പി.എൽ കാർക്കും വിധവകളുടെ മക്കൾക്കുമാണ് മുൻഗണന. എന്നാൽ തനത് ഫണ്ട് 3000/-രൂപയും വികസന ഫണ്ട് 22000/-രൂപയും ചേർത്ത് 25,000/-രൂപയുടെ ഈ പ്രോജക്ട് 18 വിദ്യാർഥികൾക്കായി ആളൊന്നിന് 1380/-രൂപയുടെ പഠനോപകരണങ്ങൾ വാങ്ങി നല്കുന്നതിനാണ്. എന്നാൽ താഴെപറയുന്ന രണ്ടു ഗുണഭോക്താക്കൾ എ.പി.എൽ ലിസ്റ്റിലുള്ളതും പിതാവ് സർക്കാർ ജീവനക്കാരനുമാണ്.

1 ഗായത്രി.ആർ.ജി.നന്ദനം, പന്തടിക്കളം

2. അരുൺ, അരുൺ ഭവൻ കിളിയൂർ, മണ്ണാംകോട്

രണ്ടുപേർക്ക് മാനദണ്ഡങ്ങൾ പാലിക്കാതെ നല്കിയതിനാൽ 2760/-രൂപ(1380X2) നിരാകരിക്കുന്നു.(ബിൽ നമ്പർ 19-6 ഗുണഭോക്താക്കൾക്കായി ചെലവ് ചെയ്ത 8280/-രൂപ തീയതി 31.3.2016(ഓഡിറ്റ് എൻക്വയറി നമ്പർ 2)

2) പട്ടികവർഗ്ഗ, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (SO73/16)പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന കുട്ടികൾക്കുള്ളതാണ്. 24.2.2016ലെ ജനറൽ കമ്മിറ്റി തീരുമാനം II(12)പേജ് 92ൽ ടി. പ്രൊജക്ട് നടപ്പിലാക്കുന്നതിന് ഗ്രാമസഭാ ലിസ്റ്റിൽ യോഗ്യതയുള്ളവർ ഇല്ലാത്തതിനാൽ അസി.സെക്രട്ടറി പരിശോധിച്ച് കണ്ടെത്തിയ പഠിതാവിന് നല്കിയെന്നാണ്. കണ്ടെത്തിയ പഠിതാവ് M.com. വിദ്യാർത്ഥിയാണ്. M.com. ഒരു പ്രൊഫഷണൽ ഡിഗ്രി അല്ലാത്തതിനാലും ലോക്കൽ പർച്ചേസ് നടത്തി ലാപ് വാങ്ങിയതിനാലും ഈ ചെലവ് ഓഡിറ്റിൽ അംഗീകരിക്കില്ല. ചെലവ് തുകയായ39900/-രൂപ നിരീകരിക്കുന്നു. (ഓ.എം.നമ്പർ 2)ബിൽ നമ്പർ 16/31.3.2016

## 3-14 പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (പട്ടികജാതി)SO.15/2016- തുക തടസ്സപ്പെടുത്തുന്നു- 350000/-

ബിൽ നമ്പർ 20 പ്രകാരം അസി.സെക്രട്ടറിയുടെ ട്രഷറി ബില്ലിൽ നിന്നും 3,50,000/-രൂപയുടെ ചെലവ് ഈ പ്രൊജക്ടിൽ നടന്നിട്ടുണ്ട്. എന്നാൽ ചെലവ് സംബന്ധമായ യാതൊരുവിധ രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല (എൻക്വയറി നമ്പർ.2) രണ്ടുമാസത്തിനുള്ളിൽ ചെലവുരേഖകൾ ഹാജരാക്കാത്തപക്ഷം ഈ ചെലവ് നിരാകരിക്കുന്നതാണ്. താഴെപറയുന്ന ചെലവുകൾ തടസ്സപ്പെടുത്തുന്നു.

| വൗച്ചർ/ചെക്ക്/ ബിൽ തീയതി | വിശദാംശം | തുക | റിമാർക്സ് |
|---|---|---|---|
| SO70/16 | IAYവിഹിതം | 90,000/- | പെരുങ്കടവിള ബ്ലോക്കിലടച്ചതിന്റെ കൈപ്പറ്റ് രസീത് ഇല്ല |
| 004753/5.3.2016 | പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് | 10383/- | KSEBയിൽ നിന്നും റെസീപ്റ്റ്,ഒ.സി ലഭ്യമല്ല |
| ആകെ | | 100383 | |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| |
|---|
| ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | സ്ഥാപനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | 207/2010, dt 11.03.10 | 19434000 | 9717000 | 3886800 | 0 | 5830202 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | 3(10) | 1680 | ശ്രീമതി.ഷൈജകുമാരി,വേങ്കോട് | 11501103647/ 02.02.16 |
| 2012-13 | 3(2) | 2481 | ശ്രീമതി.ആർ.എസ്.സൗമ്യ, അസിസ്റ്റന്റ് എഞ്ചിനീയർ, വെള്ളറട ഗ്രാമ പഞ്ചായത്ത്. | 11501101328/ 22.07.15 |
| 2012-13 | 2(1) | 3797 | ശ്രീ.സിദ്ദിഖ്, പനച്ചമൂട്. | 11501004814/ 31.03.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-)ാവകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 2.6 | 2009-10 | 2.4 | പനച്ചമൂട് പബ്ളിക് മാർക്കറ്റ് | നഷ്ടത്തുക ഒടുക്കി |
| 2008-09 | 3.1 | 2010-11 | 5.21 | മത്സ്യ വിപണന കേന്ദ്രം | മറുപടി സമർപ്പിച്ചു. |
| 2009-10 | - | 2011-12 | 3.21 | വർക്കിംഗ് ഗ്രൂപ്പ് | മറുപടി സമർപ്പിച്ചു. |
| 2009-10 | - | 2011-12 | 3.9.10 | റോഡുകളുടെ ചെയിനേജ് | മറുപടി സമർപ്പിച്ചു. |
| 2009-10 | - | 2011-12 | 3.2.7 | ആസ്തി രജിസ്റ്റർ | മറുപടി സമർപ്പിച്ചു. |
| 2009-10 | - | 2011-12 | 3.2.9 | റോഡ് കണക്ടിവിറ്റി | മറുപടി സമർപ്പിച്ചു. |
| 2006-07 | 3.9 | 2009-10 | 2.1 | ജലനിധി | ഫയലുകൾ ഹാജരാക്കി |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74132467/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92242846/- |
| വരവിനങ്ങളിലുള്ള നഷ്ടം | 118530/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 268808/- |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2282131/- |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 67650 | | ശ്രുമതി.രാധാമണി തങ്കം, സെക്രട്ടറി |
| 2-8 | 50880 | | ,, |
| 3-1 | | 6133 | ശ്രീമതി.സൗമ്യ,അസി.എഞ്ചിനീയർ |
| 3-2 | | 20076 | ശ്രീമതി.സൗമ്യ,അസി.എഞ്ചിനീയർ, ശ്രീ. ഉണ്ണി. കെ.,<br>അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പെരുങ്കടവിള ബ്ലോക്ക് |
| 3-12 | | 200039 | ശ്രുമതി.രാധാമണി തങ്കം,സെക്രട്ടറി |
| 3-13 | | 42660 | ശ്രീമതി.സൗമ്യ,അസി.എഞ്ചിനീയർ |
| ആകെ | 118530 | 268808 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1522000 | ശ്രീ.ഹരിഹരൻ,വി.ഇ.ഒ |
| 3-6 | 299748 | ശ്രീമതി. കുശലകുമാരി,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-8 | 100000 | ഡോ. കുമാരിലൈല, ആയുർവ്വേദ ഡോക്ടർ |
| 3-14 | 350000 | ശ്രീ. ബേബിജോൺ, അസി. സെക്രട്ടറി |
| 3-15 | 10383 | ശ്രീമതി.രാധാമണി തങ്കം, സെക്രട്ടറി |
| ആകെ | 2282131 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഹരിഹരൻ (വി.ഇ.ഒ.) | ശ്രീ. ഹരിഹരൻ (വി.ഇ.ഒ.) | ശ്രീ. ഹരിഹരൻ,<br>ബിന്ദു നിവാസ്, കുടപ്പുഴ, ചാലക്കുടി. പി.ഒ. |
| ശ്രീ. ഉണ്ണി. കെ., അസി.എക്സി. എഞ്ചിനീയർ,<br>പെരുങ്കടവിള ബ്ലോക്ക് | ശ്രീ. ഉണ്ണി. കെ.,<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പെരുങ്കടവിള ബ്ലോക്ക് | ശ്രീ. ഉണ്ണി. കെ.,<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പയറ്റുവിള, ബാലരാമപുരം. പി.ഒ. |
| ശ്രീമതി. രാധാമണിതങ്കം, സെക്രട്ടറി | വിരമിച്ചു | - |
| ശ്രീമതി. സൗമ്യ<br>അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>വെള്ളറട ഗ്രാമപഞ്ചായത്ത് | ശ്രീമതി. സൗമ്യ, അസി.എഞ്ചിനീയർ, സഞ്ജീവനം, ബി.പി. നഗർ, പേയാട്. പി.ഒ. |
| ശ്രീ. ബേബിജോൺ, അസി.സെക്രട്ടറി | അസി. സെക്രട്ടറി, വെള്ളറട | പുതുവൽ പുരയിടം,<br>പരുത്തിയൂർ, പൊഴിയൂർ. പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1203/2001, dt 8.12.2005 | 3 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി 2/304/2006, dt 31.05.2006 | 12 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1183/2008, dt 2.06.11 | 7 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1184/2009, dt | 7 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.2/833/2009 | 7 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.2/839/2009 | 9 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.2/522/10 , dt 28.09.10 | - | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.2/523/10, dt 23.03.12 | 32 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1914/13, dt 29.11.13 | 12 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.2/341/12, dt 04.06.13 | 14 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.2/ 2409/2013 | 13 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.2/2499/2014, dt 12.06.15 | 24 | |

| | | | |
|---|---|---|---|
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.2/ 229/2016, dt 23.03.16 | 16 | |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1060/2016, 04.07.2016 | 20 | |

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ വെള്ളറട ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു

എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

## ന്യൂനതകൾ

വികസനഫണ്ട്(ജനറൽ) ൽ ട്രഷറി പാസ്ബുക്ക്ബാലൻസും കാഷ്ബുക്ക് ബാലൻസും തമ്മിൽ 600000/-രൂപയുടെ വ്യത്യാസമുണ്ട്.

DCB- തനതു ഫണ്ട് അക്കൗണ്ടിൽ 17649രൂപയുടെ വരവും 9083 രൂപയുടെ ചെലവും അക്കൗണ്ട് ചെയ്തിട്ടില്ല.

പഞ്ചായത്തിന്റെ എല്ലാ ആസ്തി വിവരങ്ങളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്